# GLPS CHERNAKUTH

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025- 26

# സ്കൂൾ വിവരങ്ങൾ

സ്കൂളിന്റെ പേര് : ജി. എൽ. പി. എസ്
ചെറാംകുത്ത്

സ്കൂൾ കോഡ് : 18565

മേൽവിലാസം : മഞ്ഞപ്പറ്റ (PO)
എളങ്കൂർ

ഇമെയിൽ അഡ്രസ് : glpscherankuth@gmail.com

ഗ്രാമപഞ്ചായത്ത് : തൃക്കലങ്ങോട്

വിദ്യാഭ്യാസജില്ല : മലപ്പുറം

സബ്ജില്ല : മഞ്ചേരി

ക്ലാസുകൾ : 1 മുതൽ 5 വരെ

മാനേജ്മെന്റ് : ഗവൺമെന്റ്

ഹെഡ്മാസ്റ്റർ : ഷാജി. കെ

പഠനമാധ്യമം : മലയാളം

# ആമുഖം

മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിലാണ് ചെറാംകുത്ത് എ.എൽ.പി സ്കൂൾ സ്ഥിതിചെയ്യുന്നത്. പഠനപാഠ്യേതര രംഗത്ത് ഏവർക്കും മാതൃകയായി നിലകൊള്ളുന്ന ഒരു വിദ്യാലയമാണിത്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കികൊണ്ട് അക്കാദമികരംഗത്തും കലാരംഗത്തും കായികരംഗത്തും മികവുപുലർത്താൻ സ്കൂളിനാവുന്നുണ്ട്. എല്ലാവരെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിദ്യാഭ്യാസം പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കാൻ സ്കൂളിന് കഴിയുന്നു.

അക്കാദമികരംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിംഗും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകൾ ഉടനെത്തന്നെ പരിഹരിക്കുകയും ചെയ്യുന്നു.

## അക്കാദമികം — നേട്ടങ്ങൾ

അക്കാദമികരംഗത്ത് ഈ വിദ്യാലയത്തിലെ കുട്ടികൾ പുലർത്തുന്ന മികവ് എടുത്തുപറയേണ്ടത് തന്നെയാണ്. LSS പോലുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് രണ്ടിൽ കൂടുതൽ കുട്ടികൾ തിരഞ്ഞെടുക്കപ്പെടാറുണ്ട്. ശാസ്ത്രമേളകളിലും മറ്റും കുട്ടികൾ നേടിത്തരുന്ന ഗ്രേഡുകൾ എടുത്ത് പറയേണ്ടതു തന്നെയാണ്. കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ആവശ്യമായ പ്രത്യേക പരിശീലനം നൽകി കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നത് വിജയത്തിളക്കത്തിലേക്ക് നയിക്കുന്നു. എല്ലാ ക്ലാസ്മുറികളും ഹൈടെക് ആക്കിയത് വിദ്യാലയത്തിന്റെ ഏറ്റവും വലിയ ഒരു മികവ് തന്നെയാണ്.

## അക്കാദമികം — പരിമിതികൾ

കുട്ടികൾക്കാവശ്യമായ ഗണിതലാബ്, ശാസ്ത്രലാബ്, വിശാലമായ ലൈബ്രറി എന്നിവയില്ലാത്തത് അക്കാദമികരംഗത്തെ പോരായ്മയായി തന്നെ കണക്കാക്കാം.

## ഭൗതികം
### — നേട്ടങ്ങൾ

എല്ലാ ക്ലാസ്മുറികളും tile പാകി മോടിപിടിപ്പിക്കുകയും ഹൈടെക് ആക്കി മാറ്റുകയും ചെയ്തു.

പഞ്ചായത്തിന്റെ സഹായത്തോടെ നിർമ്മിച്ച ആധുനിക ശുചിമുറി വിദ്യാലയത്തിന്റെ പ്രത്യേകതയാണ്. മികച്ച IT പഠനസംവിധാനം സബ്ജില്ലയിലെ മറ്റേത് വിദ്യാലയത്തേക്കാളും മികച്ചതായി ഇവിടെ പ്രവർത്തിക്കുന്നു.

## ഭൗതികം
### — പരിമിതികൾ

കുട്ടികൾക്ക് കളിക്കാനായി സ്കൂളിന് സ്വന്തമായി കളിസ്ഥലമില്ലാത്തത് വലിയ ഒരു പോരായ്മയാണ്. ഉച്ചഭക്ഷണം കഴിക്കാനായി കുറച്ചുകൂടി നല്ലൊരു സ്ഥലം തയ്യാറാക്കേണ്ടതുണ്ട്. ജൈവവൈവിധ്യ പാർക്ക്, കൃഷിസ്ഥലം എന്നിവ നിർമ്മിക്കുന്നതിനും സ്ഥലപരിമിതിയുണ്ട്.

## സാമൂഹികം — നേട്ടങ്ങൾ

സ്കൂളിൽ നടക്കുന്ന വിവിധതരം പ്രവർത്തനങ്ങൾ സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു. സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളും ചുറ്റുപാടിലെ ജനങ്ങളുടെ സഹകരണത്തോടെ തന്നെയാണ് മികവുറ്റതാകുന്നത്. വാർഷികാഘോഷം പോലുള്ള ജനകീയ പരിപാടികൾ എടുത്തു പറയേണ്ടതാണ്.

## സാമൂഹികം — പരിമിതികൾ

പഠനസമയം നഷ്ടമാകുന്നത് മൂലം പഠനസമയത്തുള്ള പല പ്രവർത്തനങ്ങളും ഏറ്റെടുക്കാൻ പരിമിതികളുണ്ട്.

# അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

ഭാഷാശേഷി വികസനം

ഗണിതശേഷി വികസനം

ഇംഗ്ലീഷ് പഠനം- അനായാസമാക്കൽ

വായനാശേഷി വർദ്ധിപ്പിക്കൽ

ശാസ്ത്രപോഷണ പരിപാടി

ലാബ് വികസനം

പ്രതിഭാപോഷണ പരിപാടി

LSS പരിശീലനം

പഠനയാത്ര

സ്കൂൾ റേഡിയോ

അധ്യാപക ശാക്തീകരണം (SRG തലം)

പ്രവർത്തി പരിചയ പരിശീലനം

കലാപരിപോഷണം

ക്യാമ്പുകൾ

ശിൽപശാലകൾ

കായികശേഷി വികസനം

# പ്രവർത്തനം – വിശദാംശങ്ങൾ

## ഭാഷാശേഷി വികസനം

## ഉപമേഖല – ഇംഗ്ലീഷ് ഭാഷാ വികസനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും English നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം. | ഇംഗ്ലീഷിൽ തന്നെ ക്ലാസുകൾ കൈകാര്യം ചെയ്യൽ | എല്ലാ ക്ലാസും | ബന്ധപ്പെട്ട ടീച്ചർ | |
| | ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി. ഓരോ ആഴ്ചയിലും മാറി മാറി ക്ലാസുകൾ ചെയ്യും. | ആഴ്ചയിൽ 1 ദിവസം | ക്ലാസ് ടീച്ചർ | |
| | ഇംഗ്ലീഷിൽ സ്വന്തമായി ഡയറിയെഴുതൽ. | തുടർച്ചയായി | ക്ലാസ് ടീച്ചർ. | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം. | ഇംഗ്ലീഷ്- കഥ, കവിത. ഉൽപന്നങ്ങൾ പ്രസിദ്ധീകരിക്കൽ (CPT യിൽ അവതരിപ്പിക്കാം) | മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | PTA |
| | പാഠഭാഗത്തെ പ്രവർത്തനങ്ങൾ സംഭാഷണം, സ്കിറ്റ്. എന്നിവ അവതരണം | ആഴ്ചയിൽ 1 ദിവസം | ക്ലാസ്ടീച്ചർ | |
| വായന പരിപോഷിപ്പിക്കൽ | ക്ലാസ്ലൈബ്രറിയിൽ English പുസ്തകങ്ങൾ ഉൾക്കൊള്ളിക്കൽ- വായിക്കൽ. | ആഴ്ചയിൽ 1 ദിവസം | ക്ലാസ് ടീച്ചർ | PTA |
| കുട്ടികളുടെ രചനകൾ സമൂഹത്തിലേക്ക് | കുട്ടികളുടെ രചനകൾ സ്കൂൾ വിക്കിയിൽ ചേർക്കൽ | പ്രതിമാസം | ക്ലാസ് ടീച്ചർ | |

## ഉപമേഖല - മലയാളം
## ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനുമുള്ള ശേഷി വികസനം. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | (1) അക്ഷരം ഉറപ്പിക്കൽ<br>(2) ചിത്രം ഉറപ്പിക്കൽ<br>(3) പദനിർമ്മാണം<br>(4) വാക്യനിർമ്മാണം<br>(5) ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 1 വർഷക്കാലം | ക്ലാസ് ടീച്ചർ<br>SRG | PTA,<br>Dept |
| എല്ലാ കുട്ടികളെയും സ്വതന്ത്രവായനക്കാരാക്കുക. | വായനാക്കൂട്ടം രൂപീകരിക്കൽ<br>ക്ലാസ് ലൈബ്രറി നവീകരിക്കൽ | 6 മാസം - 1 വർഷം | വിദ്യാരംഗം Co-ordinator<br>Class tr | PTA |

| | | | | |
|---|---|---|---|---|
| ക്ലാസ് നിലവാരമനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ | | ആവശ്യാനുസരിച്ച് | | |
| | സ്കൂൾ ലൈബ്രറി നവീകരണം | 6 മാസം - 1 വർഷം | Teachers | PTA |
| | വായനക്കായി പ്രത്യേക സൗകര്യമൊരുക്കൽ<br>ജന്മദിന പുസ്തകം | | | |
| പത്രവായന പരിപോഷിപ്പിക്കൽ | പരമാവധി പത്രങ്ങൾ ലഭ്യമാക്കൽ<br>ഓരോ ക്ലാസിനും ഓരോ പത്രം<br>പ്രധാന വാർത്തകളുടെ അവതരണം | ദിവസേന | ക്ലാസ് ടീച്ചർ | PTA സമ്പൂർണ്ണ |

| | | | | |
|---|---|---|---|---|
| സർഗ്ഗശേഷി വികസനം | വായനാനുഭവം പങ്കുവെയ്ക്കൽ | | | |
| | രചന ശിൽപ്പശാല (കഥ, കവിത) കവിതാലാപന മത്സരം | മാസത്തിൽ 1 തവണ | വിദ്യാരംഗം | PTA |
| | സ്കൂൾതല പത്രം പ്രസിദ്ധീകരിക്കൽ | 2 മാസത്തിലൊരിക്കൽ | വിദ്യാരംഗം SRG | PTA sponsorship |
| | അമ്മമാർക്കൊരു പുസ്തകം (വീടുകളിലേക്ക് കുട്ടികൾ വഴി) | ആഴ്ചയിലൊരിക്കൽ | ലൈബ്രറി ചാർജ് | |

## ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം. | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനമായി സംഘടിപ്പിക്കൽ | June - March | SRG | |

## പഠനയാത്രകൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനയാത്രകളിലൂടെ ചരിത്ര സ്മാരകങ്ങൾ, മ്യൂസിയങ്ങൾ, ചുവർ ചിത്രങ്ങൾ, കോട്ടകൾ തുടങ്ങിയവയെക്കുറിച്ചെല്ലാം മനസ്സിലാക്കുന്നു. | സാമൂഹികപ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്രസ്മാരകങ്ങൾ എന്നിവയിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ 1 തവണ | ചുമതലയുള്ള tr | PTA |

## LSS പരീക്ഷാ പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നാലാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും LSS Scholarship ലഭ്യമാക്കൽ | ചിട്ടയായ പരിശീലനം നൽകി സ്കോളർഷിപ്പ് ഉറപ്പാക്കൽ | ജൂലൈ– മാർച്ച് | നാലാം ക്ലാസിലെ tr | |

## CPTA ശക്തിപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| CPTA ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ്, പോരായ്മകൾ എന്നിവ തിരിച്ചറിയാനും മുന്നോട്ടുള്ളതിൽ സഹകരണം ഉറപ്പുവരുത്തുന്നതിനും. | CPTA കാര്യക്ഷമമായി നടത്തൽ. കുട്ടികളുടെ പഠനോത്പന്നങ്ങൾ, മികവുകൾ, എന്നിവ പോലെ പഠനനേട്ടം നേട്ടങ്ങളിവയുടെ അവതരണം. CPTAയിൽ | 2 മാസത്തിലൊരിക്കൽ | SRG, Class tr | |

# ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്താൻ | ലഘുവായ പരീക്ഷണങ്ങൾ പൊതുസമൂഹത്തിനു മുൻപിൽ അവതരിപ്പിക്കൽ | വർഷത്തിൽ 1 തവണ | Science club | PTA |
| | എക്സിബിഷൻ സംഘടിപ്പിക്കൽ | വർഷത്തിൽ 1 തവണ | Science club | PTA |
| ശാസ്ത്രമേളയിൽ പങ്കാളിത്തം ഉറപ്പാക്കൽ | മേളകളിൽ പങ്കെടുക്കുന്നതിനാവശ്യമായ പരിശീലനം നൽകൽ | വർഷത്തിൽ 3 മാസം | Science club | PTA |
| മോഡൽ നിർമ്മാണം (ശില്പശാല) | വിവിധ തരം മോഡലുകൾ ശില്പശാലയിലൂടെ നിർമ്മിക്കൽ | വർഷത്തിൽ 2 തവണ | SRG Science club | PTA |

# പരിസ്ഥിതി സംരക്ഷണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജൈവവൈവിധ്യ പാർക്ക് വിപുലീകരിക്കൽ, | ജൈവവൈവിധ്യ ഉദ്യാനം വിപുലീകരിക്കൽ, പന്തലൊരുക്കൽ (പച്ചപ്പടർപ്പ്) | 3 മാസം | പരിസ്ഥിതി club | PTA |
| സ്കൂൾ മുറ്റത്തെ ഔഷധത്തോട്ടവും പച്ചക്കറിത്തോട്ടവും വിപുലപ്പെടുത്തൽ | എല്ലാ സസ്യങ്ങൾക്കും നാമകരണം ഔഷധസസ്യങ്ങൾ തിരിച്ചറിയൽ പച്ചക്കറിത്തോട്ടം വിപുലീകരിക്കൽ | 4 മാസം | പരിസ്ഥിതി club | PTA |
| നാട്ടുമാവ് സംരക്ഷണം | സ്കൂൾ മുറ്റത്തെ നാട്ടുമാവുകൾക്ക് പൂർണ്ണസംരക്ഷണമൊരുക്കൽ | എല്ലാ ദിവസവും | ഓരോ ദിവസം ഓരോ ക്ലാസിന് | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനപ്രവർത്തനങ്ങൾ ലളിതമാക്കൽ | ഗണിതലാബ് ക്ലാസുകളിൽ സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കൽ | അവധിക്കാലത്ത് | PTA | PTA |
| | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകുന്ന ചുമർചിത്രങ്ങൾ | ജൂൺ-ജൂലൈ | PTA | Sponsorship |
| ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | June- 1 മാസം | Class tr | PTA |
| | ക്ലാസിലെ, കണക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കൽ | ജൂൺ- 1 മാസം | ഗണിത ക്ലബ് Class tr | |